**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 167** **23-08-2022 - ൽ മറുപടിയ്ക്ക്**

**പാലോളി കമ്മിറ്റി ശിപാർശകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സച്ചാർ കമ്മിറ്റി ശിപാർശയുടെ അടിസ്ഥാനത്തിലുള്ള പാലോളി കമ്മിറ്റിയുടെ ശിപാർശകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | **ജസ്റ്റിസ് സച്ചാർ കമ്മീഷൻ റിപ്പോർട്ട് സംസ്ഥാനത്ത് നടപ്പാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കാനായി 2007-ൽ ശ്രീ.പാലോളി മുഹമ്മദ് കുട്ടിയുടെ നേതൃത്വത്തിൽ കമ്മിറ്റി രൂപീകരിച്ചിരുന്നു. പാലൊളി കമ്മിറ്റി പൊതു വിദ്യാഭ്യാസം, സാമൂഹ്യസുരക്ഷിതത്വം, വിദ്യാഭ്യാസ -ഉദ്യോഗ സംവരണം, തൊഴിലും സാമ്പത്തിക വളർച്ചയും, കാര്യപ്രാപ്തി ആർജ്ജിക്കൽ, സ്കോളർഷിപ്പ്, പശ്ചാത്തല സൗകര്യങ്ങൾ, വഖഫ്, ഭരണ നടപടികൾ എന്നീ മേഖലകളിലായി നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നു.** |
| (ബി) | അതിൽ ഏതെല്ലാം ശിപാർശകൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ; | (ബി) | വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു. |
| (സി) | ഇനി ഏതെല്ലാം ശിപാർശകൾ നടപ്പിലാക്കാനുണ്ടെന്നും അവ എന്നത്തേക്ക് നടപ്പിലാക്കാൻ കഴിയുമെന്നും വെളിപ്പെടുത്തുമോ? | (സി) | പാലൊളി കമ്മിറ്റി മുന്നോട്ടുവച്ച പ്രധാനപ്പെട്ടതും അടിയന്തിര പ്രാധാന്യമുള്ളതുമായ ശിപാർശകൾ നടപ്പിലാക്കിയിട്ടുണ്ട്. വിവിധ മേഖലകളുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളിന്മേൽ ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ ഏകോപനത്തിൽ ബന്ധപ്പെട്ട വകുപ്പുകൾ മുഖേന വിവിധ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാലോചിതമായി നടപ്പിലാക്കാൻ കഴിയുന്ന മറ്റ് ശിപാർശകൾ ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ ഏകോപനത്തോടെ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ പരിഗണിച്ച് പ്രാവർത്തികമാക്കിയവ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് രൂപീകരിച്ചു.
2. ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റ് രൂപീകരിച്ചു.
3. മദ്രസ്സാദ്ധ്യാപകർക്ക് ക്ഷേമനിധിയും പെൻഷനും ഏർപ്പെടുത്തി.
4. മദ്രസ്സാദ്ധ്യാപകർക്കും അവരുടെ പെൺമക്കൾക്കും വിവാഹ ധന സഹായ പദ്ധതിയും മദ്രസ്സാദ്ധ്യാപകരുടെ മക്കളിൽ എസ്.എസ്.എൽ.സി., പ്ലസ്ടു പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും എ+ നേടുന്ന വർക്ക് സ്കോളർഷിപ്പും ഏർപ്പെടുത്തി.
5. ന്യൂനപക്ഷ ഉദ്യോഗാർത്ഥികൾക്ക് വിവിധ മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിന് സൗജന്യമായി പരിശീലനം നൽകുന്നതിന് 14 ജില്ലകളിലായി 24 സൗജന്യ പരിശീലനകേന്ദ്രങ്ങളും കൂടാതെ ന്യൂനപക്ഷ കേന്ദ്രീകൃത മേഖലകളിൽ സർക്കാർ ഇതര സന്നദ്ധ സംരംഭങ്ങളും, വിദ്യാഭ്യാസ സ്ഥാപനങ്ങളും സൗജന്യമായി അടിസ്ഥാന സൗകര്യം ലഭ്യമായിട്ടുള്ള സ്ഥലങ്ങളിൽ പ്രത്യേക ഉപാധികളോടെ 32 ഉപ പരിശീലന കേന്ദ്രങ്ങളും ആരംഭിച്ചു.
6. മുസ്ലീം സമുദായാംഗങ്ങളായ പെൺകുട്ടികൾക്ക് ഉന്നത വിദ്യാഭ്യസത്തിന് സ്കോളർഷിപ്പും സ്റ്റൈപ്പന്റും ഏർപ്പെടുത്തി.
7. സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ രൂപീകരിച്ചു.
8. പ്രധാനമന്ത്രിയുടെ പതിനഞ്ചിന പരിപാടികളിൽ ന്യൂനപക്ഷ വിഭാഗങ്ങൾക്കായി വിവിധ വകുപ്പുകൾ ചെയ്തുവരുന്ന ക്ഷേമ പ്രവർത്തനങ്ങളുടെ നോഡൽ ഏജൻസിയായി ന്യൂനപക്ഷ ക്ഷേമ വകുപ്പിനെ ചുമതലപ്പെടുത്തി.
9. ന്യൂനപക്ഷ ക്ഷേമ വകുപ്പിനെ ന്യൂനപക്ഷ വിഭാഗങ്ങൾക്കായി വിവിധ വകുപ്പുകൾ ചെയ്തുവരുന്ന ക്ഷേമ പ്രവർത്തനങ്ങളുടെ നോഡൽ ഏജൻസിയായി തീരുമാനിച്ചു.
10. ന്യൂനപക്ഷ മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഹ്രസ്വകാല ഗവേഷണത്തിനുള്ള ഫെല്ലോഷിപ്പ് പദ്ധതി ഏർപ്പെടുത്തി.
11. 14 ജില്ലകളും കേന്ദ്രീകരിച്ച് ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ് പരിശീലനം നടത്തി വരുന്നു.

12. വിധവകളും വിവാഹബന്ധം വേർപെടുത്തിയവരും ഉപേക്ഷിക്കപ്പെട്ടവരുമായ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്ക് ഭവനനിർമ്മാണ ധനസഹായ പദ്ധതി.
13. ചെറുകിട സംരംഭങ്ങൾക്കായി 42 വനിത സ്വയം സഹായ സംഘങ്ങൾക്ക് ധനസഹായം നൽകി.
14. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ള പദ്ധതി നടപ്പാക്കി.
15. തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത ബഹുമുഖ വികസന പദ്ധതി.
16. ഉറുദു ഒന്നാംഭാഷയായി പഠിച്ച് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ വിദ്യാർത്ഥികൾക്ക് ഇബ്രാഹീം സുലൈമാൻ സേട്ട് ഉറുദു സ്കോളർഷിപ്പ്, ചാർട്ടേഡ് അക്കൗണ്ടൻസി/കോസ്റ്റ് വർക്ക് അക്കൗണ്ടൻസി/ കമ്പനി സെക്രട്ടറിഷിപ്പ് എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് സ്കോളർഷിപ്പ്, അഖിലേന്ത്യാ സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന ഉദ്യോഗാർത്ഥികൾക്ക് കോഴ്സ് ഫീസ്/ ഹോസ്റ്റൽ സ്റ്റൈപ്പന്റ് റീ-ഇംബേഴ്സ്മെൻറ് പദ്ധതി, ഐ.റ്റി.ഐ. വിദ്യാർത്ഥികൾക്ക് ഫീ-റീ.ഇംബേഴ്സ്മെന്റ്പദ്ധതി,എസ്.എസ്.എൽ.സി/പ്ലസ്ടു/ വി.എച്ച്.എസ്.ഇ/ബിരുദ/ബിരുദാനന്തര ബിരുദം തുടങ്ങിയ കോഴ്സുകളിൽ ഉന്നത വിജയം നേടിയ ന്യൂനപക്ഷ വിഭാഗത്തിലെ സമർത്ഥരായ വിദ്യാർത്ഥികൾക്കുള്ള പ്രൊഫ.ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ്, മദർതേരസ സ്കോളർഷിപ്പ്, എ.പി.ജെ.അബ്ദുൽ കലാം സ്കോളർഷിപ്പ്, വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പ്, പി.ജി.ഡിപ്ലോമ ഇൻ ജി.എസ്.റ്റി, യു.ജി.സി/ എൻ.ടി.എസ്.ഇ കോച്ചിംഗ്, ന്യൂനപക്ഷ യുവതി യുവാക്കൾക്കുള്ള പ്രീമാരിറ്റൽ കൗൺസലിംഗ് എന്നിവ ആരംഭിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**